(എച്ച്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വിദ്യാലയങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പുതിയ ഒരു മലിനീകരണ പ്രതിരോധപദ്ധതി ആവിഷ്കരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിച്ച അന്തരീക്ഷ വായു ഗുണനിലവാര റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരത്തിൽ ചില സന്ദർഭങ്ങളിൽ പൊടിയുടെ അളവ് കൂടുതലാണെന്ന് കണ്ടിട്ടുണ്ട്.

(സി, ഡി) ശാസ്ത്രീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്.

(ഇ) സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങൾക്ക് മോട്ടാർ വാഹന വകുപ്പ് അംഗീകരിച്ച ടെസ്റ്റിംഗ് സെന്ററുകളിൽ നിന്നും നൽകുന്ന പരിശോധനാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(എഫ്) ദീർഘകാല പദ്ധതികൾ നിലവിലില്ല. ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ജി) താലൂക്ക് ആശുപത്രികളിൽ ഇതിനുള്ള സൗകര്യം നിലവിലുണ്ട്.

(എച്ച്) പരിഗണിക്കുന്നതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണവേഗതാ പുനരവലോകന സംവിധാനം

1 [5804] ശ്രീമതി രാധാ രാഘവൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, ഡി. സുഗതൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണത്തിന് വേഗത കൈവരുത്തുന്നതിന്റെ പേരിൽ വകുപ്പ് തലവൻമാരുടെ ആഫീസുകൾ, റീജിയണൽ ആഫീസുകൾ, ജില്ലാ-താലൂക്കുതല ആഫീസുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(ബി) എങ്കിൽ അത് ഏതുവിധമെന്നും അതുകൊണ്ടുണ്ടാകുന്ന പ്രയോജനം എന്തെന്നും വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തുള്ള ഓരോ ആഫീസിന്റെയും പ്രവർത്തനം മാസത്തിലൊരിക്കലെങ്കിലും അവലോകനത്തിന് വിധേയമാക്കുന്ന സംവിധാനത്തിന് രൂപം കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൻമൂലം ഭരണത്തിൽ വരാനിടയുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. ഭരണത്തിന് വേഗത കൈവരുത്തുന്നതിന്റെ ഭാഗമായി ഈ വർഷം ജി.ഒ. (പി)52/2002/ഉഭപവ തീയതി 7-12-2002 ഉത്തരവ് പ്രകാരം 2003 ജനുവരിയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഒരു തീവ്രയത്നപരിപാടി നടപ്പാക്കി ജില്ലാ താലൂക്ക്, വില്ലേജ് തലങ്ങളിൽ ഫയൽ തീർപ്പാക്കൽ മാസം ആചരിക്കുകയുണ്ടായി. ഈ കാലയളവിൽ വിവിധ വകുപ്പുകളിൽ കെട്ടിക്കിടന്ന ഫയലുകളിൽ അടിയന്തിര നടപടി സ്വീകരിച്ച് തീർപ്പു കൽപ്പിക്കാവുന്നിടത്തോളം ഫയലുകൾ തീർപ്പു കൽപ്പിക്കുവാൻ കഴിഞ്ഞു.

(സി, ഡി) ഇപ്പോൾ സംസ്ഥാനത്തുള്ള എല്ലാ ആഫീസുകളുടെയും പ്രവർത്തനം മാസ്സ്ത്തിലൊരിക്കൽ അവലോകനം നടത്തുകയും ആവശ്യമായ നടപടികൾ നിർദ്ദേശിച്ച് അവലോകന റിപ്പോർട്ട് എല്ലാ വകുപ്പു തലവൻമാർക്കും അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഫയലുകൾ സമയബന്ധിതമായി തീർക്കുന്നതിനായി സെക്രട്ടേറിയറ്റിൽ ലവൽജംബിംഗിനും ഫയൽ പ്രയാണത്തിന് സമയപരിധി നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വികസന നയം

2 [5805] ഡോ. തോമസ് ഐസക്:

ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള വികസന നയം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വികസന രംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വികസന കാര്യത്തിൽ പ്രതിപക്ഷ സഹകരണം ഉറപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി പ്രതിപക്ഷ സഹകരണം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) 2001-02, 2002-03 എന്നീ വർഷങ്ങളിൽ വികസനത്തിനായി എന്തു തുക വീതം ചെലവഴിച്ചു;

(എഫ്) ഇതിനായി പ്രസ്തുത വർഷങ്ങളിൽ ബഡ്ജറ്റുകളിൽ നീക്കിവച്ച തുക എത്ര വീതമായിരുന്നു;

(ജി) ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly